REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 15-04-2025 **സമയം** 06.45 AM

## പ്രധാന വാർത്തകൾ

- **രാജ്യത്തെ ഗാർഹിക- വാണിജ്യ പാചകവാതക മീറ്ററുകൾ, ലീഗൽ മെട്രോളജി വകുപ്പിനു കീഴിൽ കൊണ്ടുവരുന്ന കരടു നിയമത്തിന് കേന്ദ്ര ഗവൺമെന്റ് രൂപം നൽകി.**
- **സംസ്ഥാനത്തെ ലഹരി വിരുദ്ധ ക്യാമ്പയിനുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയൻ വിളിച്ച യോഗങ്ങൾ നാളെ.**
- **മുനമ്പത്ത് ഇന്ന് 'നന്ദി മോദി' പരിപാടി . കേന്ദ്രമന്ത്രി കിരൺ റിജിജു പങ്കെടുക്കും.**
- **ഹജ്ജ് കർമ്മത്തിന് സംസ്ഥാന ഹജ്ജ് കമ്മിറ്റി വഴി അപേക്ഷിച്ച 575 പേർക്ക് കൂടി അവസരം.**
- **സംസ്ഥാനത്ത് പലയിടത്തും വേനൽമഴയിൽ വൻ നാശനഷ്ടം.**
- **15-ാമത് ഹോക്കി ഇന്ത്യ സീനിയർ പുരുഷ ചാമ്പ്യൻഷിപ്പ് ഫൈനലിൽ ഇന്ന് മധ്യപ്രദേശ് പഞ്ചാബിനെ നേരിടും.**

## വാർത്തകൾ വിശദമായി

രാജ്യത്തെ ഗാർഹിക- വാണിജ്യ പാചകവാതക മീറ്ററുകൾ, ലീഗൽ മെട്രോളജി വകുപ്പിനു കീഴിൽ കൊണ്ടുവരുന്ന കരടു നിയമത്തിന് കേന്ദ്ര ഗവൺമെന്റ് രൂപം നൽകി. എല്ലാ വാതക മീറ്ററുകളും ഉപയോഗത്തിനു മുൻപ് പരിശോധിച്ച് കൃത്യത ഉറപ്പാക്കി മുദ്ര വെയ്ക്കണമെന്ന വ്യവസ്ഥയാണ് കരട് നിയമത്തിലെ പ്രധാന നിർദ്ദേശം. ഉപയോഗവേളയിലും ഇവയുടെ ആധികാരികത ഉറപ്പാക്കണം. ഉപയോഗിക്കുന്ന വാതകത്തിന്റെ അളവിലെ കൃത്യതയും, സുതാര്യതയും, വിശ്വാസ്യതയും ഉറപ്പാക്കാനാണ് കരടുനിയമം

കൊണ്ടുവരുന്നതെന്ന് ഉപഭോക്തൃകാര്യ മന്ത്രാലയം വ്യക്തമാക്കി. അമിതനിരക്കും, തകരാറിലായതോ കൃത്രിമം കാണിച്ചതോ ആയ ഉപകരണങ്ങൾ വഴിയോ ഉപഭോക്താക്കളെ കബളിപ്പിക്കുന്ന സാഹചര്യം ഒഴിവാക്കാനാണ് നടപടി.

✪✪✪

ഡോ. BR അംബേദ്കർ ജയന്തിയോടനുബന്ധിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്നലെ ഹരിയാനയിലെ ഒട്ടേറെ വികസനപദ്ധതികൾ ജനങ്ങൾക്ക് സമർപ്പിച്ചു. യമുനാനഗർ ദീനബന്ധു ചോട്ടുറാം താപ നിലയത്തിലെ മൂന്നാം യൂണിറ്റ്, യമുനാ നഗറിലെ തന്നെ ഗോവർദ്ധൻ പ്ലാന്റ്, രവാഡി ബൈപ്പാസ് എന്നിവ ഇവയിലുൾപ്പെടുന്നു. ഇന്നലെ രാവിലെ ഹിസാർ മഹാരാജ അഗ്രസേൻ വിമാനത്താവളത്തിന്റെ പുതിയ ടെർമിനൽ സമുച്ചയത്തിന് തറക്കല്ലിട്ട പ്രധാനമന്ത്രി, ആദ്യ അയോധ്യാസർവീസും ഫ്ലാഗ് ഓഫ് ചെയ്തു.

✪✪✪

ലഖ്നൗവിലെ ലോക് ബന്ധു ആശുപത്രിയിൽ ഇന്നലെ രാത്രി വൻ തീപിടുത്തമുണ്ടായി. ആളപായം റിപ്പോർട്ട് ചെയ്തിട്ടില്ല. ഇരുന്നൂറോളം രോഗികളെ മറ്റ് ആശുപത്രികളിലേക്ക് സുരക്ഷിതമായി മാറ്റി.

✪✪✪

വഖഫ് ഭേദഗതി നിയമത്തിനെതിരെ പശ്ചിമബംഗാളിലെ മുർഷിദാബാദിലുണ്ടായ സംഭവത്തിൽ ഇടപെടണമെന്ന് BJP ബംഗാൾ ഘടകം ഗവർണർ CV ആനന്ദബോസിനോട് ആവശ്യപ്പെട്ടു. കുറ്റക്കാർക്കെതിരെ കർശന നടപടിയെടുക്കണമെന്ന് സംസ്ഥാന പ്രസിഡണ്ട് ഡോ. സുകാന്ത മജുംദാർ, കത്തിൽ അഭ്യർത്ഥിച്ചു. മുർഷിദാബാദി ലുണ്ടായത് കേവലം ക്രമസമാധാന പ്രശ്നമല്ലെന്നും, മാനുഷികതയ്ക്കെതിരായ കടന്നുകയറ്റമാണെന്നും കത്തിൽ പറയുന്നു.

അതിനിടെ, കോടതി നിരീക്ഷണത്തിൽ പ്രത്യേക അന്വേഷണ സംഘം മുർഷിദാബാദ് സംഭവം അന്വേഷിക്കണമെന്ന് ആവശ്യപ്പെടുന്ന ഹർജി സുപ്രീംകോടതിയിൽ ഫയൽ ചെയ്തു. വഖഫ് ഭേദഗതി നിയമത്തിനെതിരായ പ്രതിഷേധം വൻ ക്രമസമാധാന പ്രശ്നമായതെങ്ങനെയാണെന്ന് പരിശോധിക്കണമെന്ന് ഹർജിയിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

✪✪✪

വഖഫ് നിയമ ഭേദഗതിയിലൂടെ മുനമ്പത്തെ ജനങ്ങൾക്ക് പ്രതീക്ഷ നൽകിയ പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് നന്ദിയറിയിച്ച് NDA യുടെ ആഭിമുഖ്യത്തിൽ ഇന്ന് 'നന്ദി മോദി' പരിപാടി സംഘടിപ്പിക്കും. വൈകിട്ട് നാലിന് മുനമ്പത്ത് ചേരുന്ന

പരിപാടിയിൽ കേന്ദ്രമന്ത്രി കിരൺ റിജിജു മുഖ്യാതിഥിയായി പങ്കെടുക്കും. BJP സംസ്ഥാന പ്രസിഡണ്ട് രാജീവ് ചന്ദ്രശേഖർ, SNDP യോഗം സംസ്ഥാന ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ മറ്റ് നേതാക്കൾ തുടങ്ങിയവർ പരിപാടിയിൽ പങ്കെടുക്കും.

✪✪✪

സംസ്ഥാനത്തിന്റെ ലഹരി വിരുദ്ധ ക്യാമ്പയിനിന്റെ ഭാഗമായി മുഖ്യമന്ത്രി പിണറായി വിജയൻ വിളിച്ച യോഗങ്ങൾ നാളെ നടത്തും. മതമേലധ്യക്ഷൻമാരുടെ യോഗം രാവിലെ പതിനൊന്നരയ്ക്കും, സർവകക്ഷി യോഗം വൈകിട്ട് മൂന്നരയ്ക്കുമാണ്. രണ്ട് യോഗങ്ങളും ഓൺലൈനായാണ് ചേരുന്നത്.

✪✪✪

നാട്ടിക അംബേദ്കർ നഗറിൽ നിർമ്മിച്ച അംബേദ്കർ സാംസ്ക്കാരിക നിലയം മന്ത്രി K രാജൻ ഉദ്ഘാടനം ചെയ്തു. പൊതു ഇടങ്ങൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഒത്തുച്ചേരലുകൾ പ്രോത്സാഹിപ്പിക്കാൻ സാംസ്കാരിക നിലയങ്ങൾ വഴിയൊരുക്കുമെന്ന് മന്ത്രി പറഞ്ഞു.

✪✪✪

തൃശൂർ കണിമംഗലം-പനമുക്ക് റോഡ്, നവീകരണ പ്രവർത്തനങ്ങൾ മന്ത്രി K രാജൻ ഉദ്ഘാടനം ചെയ്തു. ഒല്ലൂർ മണ്ഡലത്തിൽ ഏഴ് പുതിയ കളിക്കളങ്ങൾ അടുത്തു തന്നെ നിർമ്മാണം ആരംഭിക്കുമെന്ന് മന്ത്രി പറഞ്ഞു.

✪✪✪

കൊല്ലം പൂരവും കുടമാറ്റവും വൈകിട്ട് ആശ്രാമം മൈതാനത്ത് നടക്കും. പൂരം പ്രമാണിച്ച് ഇന്ന് ഉച്ചയ്ക്ക് രണ്ട് മുതൽ നഗരസഭാ പരിധിയിൽ പ്രാദേശിക അവധി പ്രഖ്യാപിച്ചിട്ടുണ്ട്. നേരത്തെ നിശ്ചയിച്ച പൊതു പരീക്ഷകൾക്ക് മാറ്റമില്ല.

✪✪✪

ഹജ്ജ് കർമ്മത്തിന് സംസ്ഥാന ഹജ്ജ് കമ്മിറ്റി വഴി അപേക്ഷിച്ച് നറുക്കെടുപ്പിലൂടെ വെയ്റ്റിംഗ് ലിസ്റ്റിൽ ഉൾപ്പെട്ടവരിൽ ക്രമനമ്പർ 2,826 മുതൽ 3,401 വരെ 575 പേർക്ക് കൂടി ഹജ്ജിന് അവസരം ലഭിച്ചു. പുതുതായി തിരഞ്ഞെടുക്കപ്പെട്ടവർ ഇന്നുതന്നെ മുഴുവൻ തുകയും അടച്ച് നാളേയ്ക്കകം രേഖകൾ സമർപ്പിക്കണമെന്ന് സംസ്ഥാന ഹജ്ജ് കമ്മിറ്റി നിർദ്ദേശിച്ചു.

✪✪✪

കേരളത്തിന്റെ സ്വന്തം വിമാന സർവീസ്  'എയർ കേരള' യുടെ ആലുവയിലെ കോർപറേറ്റ് ഓഫീസ്   വൈകിട്ട്  മന്ത്രി P. രാജീവ് ഉദ്ഘാടനം  ചെയ്യും. ആലുവ മെട്രോ സ്റ്റേഷനു സമീപം  200-ലേറെ പേർക്ക്  ജോലിചെയ്യാൻ കഴിയുന്ന വിധത്തിലാണ് ഓഫീസിന്റെ ക്രമീകരണം.   ആദ്യ ഘട്ടത്തിൽ ആഭ്യന്തര സർവീസ് ആരംഭിക്കുന്ന എയർ കേരള വൈകാതെ അന്താരാഷ്ട്ര സർവീസ് തുടങ്ങാനും ലക്ഷ്യമിടുന്നു.

✪✪✪

15-ാമത് ഹോക്കി ഇന്ത്യ സീനിയർ പുരുഷ ചാമ്പ്യൻഷിപ്പ് ഫൈനലിൽ ഇന്ന് മധ്യപ്രദേശ് പഞ്ചാബിനെ നേരിടും. ഝാൻസിയിൽ വൈകിട്ട് ഏഴിനാണ് മത്സരം. മൂന്നും നാലും സ്ഥാനങ്ങൾക്കായി ഉത്തർപ്രദേശും, മണിപ്പൂരും വൈകിട്ട് അഞ്ചിന് ഏറ്റുമുട്ടും.

✪✪✪

ഓസ്ട്രേലിയൻ പര്യടനത്തിന് 26 അംഗ ഇന്ത്യൻ വനിതാ ഹോക്കി ടീമിനെ പ്രഖ്യാപിച്ചു.  അഞ്ചു മത്സരങ്ങളുടെ പരമ്പര  ഈ മാസം 26-ന് ആരംഭിക്കും. മെയ് 4 വരെ പെർത്ത് ഹോക്കി സ്റ്റേഡിയത്തിലാണ് മത്സരങ്ങൾ.

പരമ്പരയിലെ ആദ്യ രണ്ട് മത്സരങ്ങളിൽ ഇന്ത്യ - ഓസ്ട്രേലിയ A ടീമിനെയും, മൂന്ന് മത്സരങ്ങളിൽ ഓസ്ട്രേലിയ  സീനിയർ ടീമിനെയും നേരിടും.

✪✪✪

IPL ട്വന്റി-20 ക്രിക്കറ്റിൽ ചെന്നൈ സൂപ്പർ കിംഗ്സ്, ആതിഥേയരായ ലഖ്നൗ സൂപ്പർ ജയന്റ്സിനെ അഞ്ച് വിക്കറ്റിന് പരാജയപ്പെടുത്തി.

ഇന്ന് പഞ്ചാബ് കിംഗ്സ്, കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ നേരിടും. ചണ്ഡീഗഡിൽ, വൈകീട്ട് 7:30 നാണ് മത്സരം.

✪✪✪

മുതിർന്ന  സ്പോട്സ് ലേഖകനും  മനോരമ  മുൻ റസിഡന്റ് എഡിറ്ററുമായ K.അബൂബക്കറെ സീനിയർ ജേണലിസ്റ്റ് ഫോറം വൈകിട്ട്  കോഴിക്കോട്ട് ആദരിക്കും.  മുൻ മന്ത്രി PK.കുഞ്ഞാലിക്കുട്ടി  ചടങ്ങ്  ഉദ്ഘാടനം ചെയ്യും. PT ഉഷ MP മുഖ്യാതിഥിയായി പങ്കെടുക്കും.  പഴയ കാല ഫുട്ബാൾ താരങ്ങളായ വിക്ടർ മഞ്ഞില, KPസേതുമാധവൻ, E.J ജേക്കബ്, തുടങ്ങിയവരും സംബന്ധിക്കും.

✪✪✪

കണ്ണൂർ ജില്ലയിൽ ഇന്നലെ  മഴയിലും, കാറ്റിലും വൻ നാശനഷ്ടം ഉണ്ടായി. ഇരിട്ടി ,പേരാവൂർ മേഖലയിൽ നിരവധി ഒട്ടേറെ മരങ്ങൾ കടപുഴകി.

തീരപ്രദേശത്തും ശക്തമായ കാറ്റിൽ നാശനഷ്ടം ഉണ്ടായി. പലയിടത്തും വൈദ്യുതി വിതരണം നിലച്ചു.

✪✪✪

കുന്നംകുളം താലൂക്കിലെ കാട്ടകാമ്പാൽ പ്രദേശത്ത് ഇന്നലെ രാത്രി ചുഴലിക്കാറ്റിലും, കനത്ത മഴയിലും  വ്യാപക നാശനഷ്ടമുണ്ടായി.

നിരവധിയിടങ്ങളിൽ മരം പൊട്ടി വീണ് വീടുകൾക്കും, വൈദ്യുതി വിതരണ സംവിധാനങ്ങൾക്കും കേടുപാടുകൾ സംഭവിച്ചു. അറുപതോളം വൈദ്യുതി പോസ്റ്റുകൾ തകർന്നു.

✪✪✪

വയനാട്ടിലും കാറ്റിലും മഴയിലും  വൻ നാശനഷ്ടമുണ്ടായി.  കേണിച്ചിറ, നടവയൽ ഭാഗങ്ങളിലാണ് ഏറെ നാശമുണ്ടായത്.

പലയിടത്തും  വൈദ്യുതി, കേബിൾ TV, ഇൻറർനെറ്റ് സംവിധാനങ്ങൾ തടസപ്പെട്ടു.

✪✪✪

സംസ്ഥാനത്ത് ഉയർന്ന താപനിലയെ തുടർന്ന് ഏതാനും  ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രതാ നിർദ്ദേശം നൽകി. ഇന്ന് കോട്ടയം, പാലക്കാട്, തൃശ്ശൂർ ജില്ലകളിൽ 37 ഡിഗ്രി വരെ താപനില  ഉയരാൻ സാധ്യതയുണ്ട്. 9 ജില്ലകളിൽ താപനില 36 ഡിഗ്രി  വരെയും ഉയർന്നേക്കുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

✪✪✪

അതിരപ്പള്ളിയിലെ അടിച്ചിൽ തൊട്ടി, വീരാംകുടി, മലക്കപ്പാറ വീട്ടിവിടകാട് ഉന്നതികളിലെത്തി തൃശൂർ ജില്ലാ കലക്ടർ അർജുൻ പാണ്ഡ്യൻ നിവാസികൾക്ക് വിഷു സമ്മാനങ്ങൾ വിതരണം ചെയ്തു.

വിശദാംശങ്ങളുമായി ആകാശവാണി പ്രതിനിധി ഭരിത പ്രതാപ് തയ്യാറാക്കിയ റിപ്പോർട്ട്....

.....(വോയ്സ്).......

✪✪✪

നഗര ദുരന്ത ലഘൂകരണത്തിന് തിരുവനന്തപുരം ആക്കുളം കായലും പരിസരവും സംരക്ഷിക്കണമെന്നും, ജലവാഹക ശേഷി വർദ്ധിപ്പിച്ച് നിലനിർത്തണമെന്നും കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് ജില്ലാസമ്മേളനം ഗവൺമെന്റിനോട് ആവശ്യപ്പെട്ടു. അന്തർസംസ്ഥാന AVM കനാലിന്റെ സംസ്ഥാനത്തെ പുനരുദ്ധാരണം ഗവൺമെന്റ് ഏറ്റെടുക്കണമെന്നും യോഗം നെടുമങ്ങാട് ആവശ്യമുന്നയിച്ചു. ആക്കുളം കായലിന്റെ വിസ്തൃതി 245 ഏക്കറിൽ നിന്ന്, 145 ഏക്കറായി കുറഞ്ഞെന്നും, മലിനീകരണവും ജലാശയത്തിലെ സസ്യജാല വളർച്ചയും കൂടിയത് പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് കാരണമാകുന്നുണ്ടെന്നും യോഗം വിലയിരുത്തി.

✪✪✪

മാലിന്യമുക്തം നവകേരളം പദ്ധതിയുടെ ഭാഗമായി ഓച്ചിറ ഗ്രാമപ്പഞ്ചായത്ത് ആരംഭിക്കുന്ന 'ഉദ്യാനനഗരം പദ്ധതി' വൈകീട്ട് മന്ത്രി MB രാജേഷ് ഉദ്ഘാടനം ചെയ്യും. പ്രദേശത്തെ AI ക്യാമറകൾ KC വേണുഗോപാൽ MP സ്വിച്ച്ഓൺ ചെയ്യും.

✪✪✪

എറണാകുളത്ത് നിന്ന് ഹസ്രത്ത് നിസാമുദീനിലേക്ക് നാളെ പ്രത്യേക സർവീസ് നടത്തുമെന്ന് റെയിൽവെ അറിയിച്ചു. എറണാകുളത്തു നിന്ന് വൈകിട്ട് 6.05 ന് ട്രെയിൻ പുറപ്പെടും.

✪✪✪

ആശാവർക്കർമാരുടെ രാപ്പകൽസമരം 65-ാം ദിവസത്തിലേക്ക് കടന്നു. നിരാഹാര സമരം ഇന്ന് 27-ാം ദിവസത്തിലുമെത്തി.

✪✪✪

---

*News Reader: അനിൽ ചന്ദ്രൻ*
*News Team:അബ്ദുൽ കബീർ, അനുഷ ആത്മപ്രകാശ്*
*DEO: ഷീബ*